# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 602/11/12/2024/

പരാതികക്ഷി: ദീപ്തി മോൾ എം ജി,ടി സി 16/746,
പാണ്ണാംപഴിഞ്ഞി,കുളംനികത്തിയ വീട്,
ജഗതി, തൈക്കാട്,തിരുവനന്തപുരം

എതിർകക്ഷികൾ ഫിലോമിന

**ഉത്തരവ് തീയതി 06.05.2025**

പരാതികക്ഷിയുടെ അയൽവാസിയായ എതിർകക്ഷി അസഭ്യം പറയുന്നതായും, തന്നെയും ഭർത്താവിനെയും മക്കളെയും കുറിച്ച് അപവാദം പറഞ്ഞു പ്രചരിപ്പിക്കുന്നതായും, മാനസികമായി പീഡിപ്പിക്കുന്നതായും മറ്റുമാണ് പരാതി സംഗതി.

1. പരാതി വിഷയത്തിൽ മ്യൂസിയം പോലീസ് ഇൻസ്പെക്ടർ എസ് എച്ച് ഒ 12.02.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതിയുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയതിൽ ഇരുകക്ഷികളും സ്റ്റേഷനിൽ ഹാജരായി സംസാരിച്ചതിൽ എതിർകക്ഷിയുടെ ഭാഗത്തുനിന്നും പരാതികക്ഷിക്കും കുടുംബത്തിനും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിലുള്ള യാതൊരു പ്രവർത്തിയും ഉണ്ടാകില്ല എന്ന് പറഞ്ഞിട്ടുള്ളതും മറ്റു നടപടികൾ ആവശ്യമില്ല എന്ന് പരാതികക്ഷി അറിയിച്ചതിനാൽ ടി പരാതി തീർപ്പാക്കിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

2. പരാതി പരിഗണനയ്ക്കെടുത്ത 06.05.2025 തീയതി ഹർജികക്ഷി ഹാജരായി. ഇപ്പോഴും പരാതിയിലെ സംഭവങ്ങൾ ആവർത്തിക്കുന്നതായും എതിർകക്ഷി നിരന്തരം ചീത്ത വിളിക്കുകയും അസഭ്യം പറയുകയും മാനസികമായി പീഡിപ്പിക്കുന്നതായും ഹർജികക്ഷി പറയുകയുണ്ടായി. തുടർന്നും എതിർകക്ഷിയുടെ പ്രവർത്തികളിൽ പരാതികക്ഷിക്ക് പരാതിയുണ്ടെങ്കിൽ കൻറോൺമെൻറ് അസിസ്റ്റൻറ് പോലീസ് കമ്മീഷണർക്ക് പരാതി നൽകേണ്ടതാണ്. അപ്രകാരം പരാതി ലഭിച്ചാൽ അസിസ്റ്റൻറ് പോലീസ് കമ്മീഷണർ പരാതി പരിശോധിച്ച ശേഷം പരാതികക്ഷിയുടെ മൊഴി രേഖപ്പെടുത്തേണ്ടതും പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതുമാണ്.പ്രാഥമിക അന്വേഷണത്തിൽ Cognizable offence വെളിവാകുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ തുടർ നിയമനടപടികൾക്കായി ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം കൻറോൺമെൻറ് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ